അനുബന്ധം

Number of Medical Institutions with 24 Hrs IP ,X-ray ,& Lab facilities

| Sl.No. | District | No. of Institutions with 24 Hrs IP | No. of Institutions with 24 Hrs Lab ,X-ray |
|---|---|---|---|
| 1 | Thiruvananthapuram | 44 | 8 |
| 2 | Kollam | 33 | 2 |
| 3 | Pathanamthitta | 24 | 3 |
| 4 | Alappuzha | 44 | 4 |
| 5 | Kottayam | 38 | 2 |
| 6 | Idukki | 30 | 1 |
| 7 | Ernakulam | 71 | 3 |
| 8 | Thrissur | 46 | 3 |
| 9 | Palakkad | 39 | 3 |
| 10 | Malappuram | 49 | 2 |
| 11 | Kozhikkode | 35 | 6 |
| 12 | Wayanad | 20 | 2 |
| 13 | Kannur | 34 | 3 |
| 14 | Kasargode | 23 | 2 |
| | **Total** | **530** | **44** |

# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2318 — 19.06.2013 ൽ മറുപടിക്ക്

**പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ ഡ്യൂട്ടി സമയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഒ.പി. സമയം എത്ര മുതൽ എത്ര വരെ ആണെന്ന് വെളിപ്പെടുത്താമോ; | (എ) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഒ.പി. സമയം രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയും ഉച്ചയ്ക്ക് 2 മണി മുതൽ 3 മണി വരെയുമാണ്. |
| (ബി) ഡോക്ടർമാർ, ഫാർമസിസ്റ്റ്, നഴ്സ്, അറ്റന്റർ, എന്നിവരുടെ ഡ്യൂട്ടി സമയം ഏതു മുതൽ ഏതു വരെ ആണെന്ന് വെളിപ്പെടുത്താമോ ? | (ബി) ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ച ഗൈഡ് ലൈൻസ് അനുബന്ധം I ആയി ചേർക്കുന്നു. കിടത്തി ചികിൽസ ഇല്ലാത്ത ആശുപത്രികളിൽ സ്റ്റാഫ് നഴ്സുമാരുടെ ഡ്യൂട്ടി സമയം രാവിലെ 9 മുതൽ വൈകീട്ട് 4 മണി വരെയും, കിടത്തി ചികിൽസ ഉള്ള ആശുപത്രികളിൽ (ജില്ലാ / ജനറൽ) മൂന്ന് ഷിഫ്റ്റ് സമ്പ്രദായവുമാണ് നിലവിലുള്ളത് രാവിലെ 7.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ, ഉച്ചയ്ക്ക് 1.30 മുതൽ രാത്രി 7.30 വരെ, രാത്രി 7.30 മുതൽ രാവിലെ 8 മണി വരെ (നൈറ്റ്ഡ്യൂട്ടി). എന്നാൽ കിടത്തി ചികിൽസ ഉള്ള സി.എച്ച്.സി.കളിലും താലൂക്ക് ആശുപത്രികളിലും മൂന്ന് ഷിഫ്റ്റ് സമ്പദായം നടപ്പിലാക്കിയിട്ടില്ല. ഫാർമസിസ്റ്റ് / അറ്റന്റർ തസ്തികകളുടെ ഡ്യൂട്ടി സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.<br><br>ഭാരതീയ ചികിൽസാ വകുപ്പിലെ ഡിസ്പെൻസറികളിലെ ഡോക്ടർമാരുടെയും ഫാർമസിസ്റ്റിന്റെയും അറ്റന്ററുടെയും ഡ്യൂട്ടി സമയം രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയും ഉച്ചതിരിഞ്ഞ് 2 മുതൽ 3 മണി |

വരെയുമാകുന്നു. ആശുപത്രികളിലെ ഡോക്ടർമാരുടെ ഡ്യൂട്ടി സമയം രാവിലെ 9 മണി മുതൽ 1 മണി വരെയും ഉച്ചതിരിഞ്ഞ് 2 മണി മുതൽ 3 മണി വരെയും കാഷ്വാലിറ്റി ഡ്യൂട്ടി 3 മണി മുതൽ 8 മണി വരെയും നൈറ്റ്ഡ്യൂട്ടി രാത്രി 8 മണി മുതൽ രാവിലെ 9 മണി വരെയുമാണ്. നഴ്സ്/അറ്റന്റർമാർ, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരുടെ ഡ്യൂട്ടി സമയം രാവിലെ 9 മണി മുതൽ 1 മണി വരെയും ഉച്ചതിരിഞ്ഞ് 1 മണി മുതൽ 3 മണി വരെയുമാണ്.

ഹോമിയോപ്പതി വകുപ്പിൽ ഡോക്ടർ, ഫാർമസിസ്റ്റ്, അറ്റന്റർ എന്നിവരുടെ ഡ്യൂട്ടി സമയം രാവിലെ 9 മണി മുതൽ 3 മണി വരെയാണ്. ആശുപത്രികളിലെ ആർ.എം.ഒ. യുടെ ഡ്യൂട്ടിസമയം ഉച്ചയ്ക്ക് 1 മണി മുതൽ 6 മണി വരെയും നഴ്സിന്റെ ഡ്യൂട്ടിസമയം രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെയും വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണി വരെയുമാണ്.

സെക്ഷൻ ഓഫീസർ